നാൽ നവംബർ 1997 മുതലുള്ള വാടക കുടിശ്ശികയുണ്ട്. കെട്ടിട ഉടമയും ഉടമയുടെ അനന്തരാവകാശിയായ മകനും മരിച്ചു പോയതിനാൽ മകന്റെ ഭാര്യയുടെ പേരിൽ എഗ്രിമെന്റ് നൽകിയിട്ടുണ്ട്. മരിച്ച കെട്ടിട ഉടമയുടെ മകന് അനന്തരാവകാശികളായി പ്രായപൂർത്തിയായ രണ്ട് ആൺമക്കൾ കൂടി ഉള്ളതിനാൽ അവരുടെ സമ്മതത്തോടുകൂടി മാത്രമേ ഉടമ്പടിമാറ്റുവാൻ സാധിക്കുകയുള്ളൂ. സമ്മതപത്രം ലഭിച്ചുകഴിഞ്ഞാൽ വാടകകുടിശ്ശിക നൽകുന്നതാണ്.

90 (716) കാരക്കാട് മാവേലിസ്റ്റോർ

<u>ശ്രീ. കടമ്മനിട്ട രാമകൃഷ്ണൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-വിനോദസഞ്ചാര-നിയമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആറൻമുള നിയോജകമണ്ഡലത്തിലെ മുളക്കുഴ പഞ്ചായത്തിൽ കാരക്കാട് അനുവദിച്ച മാവേലിസ്റ്റോർ എന്നത്തേയ്ക്ക് പ്രവർത്തനം ആരംഭിക്കാൻ കഴിയുമെന്ന് അറിയിക്കുമോ;

(ബി) പ്രസ്തുത മാവേലി സ്റ്റോർ എത്രയും പെട്ടെന്ന് ആരംഭിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ)&(ബി) ആറൻമുള നിയോജകമണ്ഡലത്തിൽ മുളക്കുഴ പഞ്ചായത്തിൽ കാരക്കാട് എന്ന സ്ഥലത്ത് മാവേലിസ്റ്റോർ ആരംഭിക്കുന്നതിന് അനുയോജ്യമായ കെട്ടിടം ഇതുവരേയും ലഭിച്ചിട്ടില്ല. കെട്ടിടം കണ്ടെത്തുവാൻ ശ്രമം തുടർന്നു വരുന്നു.

91 (717) മണ്ണെണ്ണ പെർമിറ്റ് റദ്ദ്ചെയ്യുന്ന നടപടി

<u>ശ്രീ. പി.ജെ. ഫ്രാൻസിസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-വിനോദസഞ്ചാര-നിയമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മത്സ്യബന്ധന വള്ളങ്ങളിൽ ഔട്ട് ബോർഡ് എഞ്ചിൻ ഘടിപ്പിച്ചിട്ടുള്ളവയിൽ അഞ്ച് വർഷത്തിലേറെ പഴക്കം ഉണ്ടെങ്കിൽ ആ വള്ളങ്ങൾക്ക് നൽകിയിട്ടുള്ള മണ്ണെണ്ണ പെർമിറ്റ് റദ്ദ് ചെയ്യാൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിനുള്ള കാരണം വ്യക്തമാക്കുമോ;

(ബി) മത്സ്യബന്ധനത്തിനു കൊടുത്തിട്ടുള്ള മണ്ണെണ്ണ പെർമിറ്റിലെ അളവിന്റെ 5 ശതമാനം വെട്ടിക്കുറച്ചത് എന്നുമുതലാണ്;

(സി) 1997 ജനുവരി 8-ാം തീയതിക്ക്ശേഷം നാളിതുവരെ മത്സ്യബന്ധനത്തിന് മണ്ണെണ്ണ പെർമിറ്റിനുള്ള അപേക്ഷകൾപോലും സ്വീകരിക്കാതിരിക്കുന്നതിനുള്ള ന്യായീകരണം വ്യക്തമാക്കുമോ; ഔട്ട് ബോർഡ് എഞ്ചിനുവേണ്ടുന്ന മണ്ണെണ്ണ മത്സ്യത്തൊഴിലാളികൾ കരിഞ്ചന്തയിൽ നിന്നാണ് വാങ്ങുന്നതെന്ന വസ്തുത സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

<u>ഉത്തരം</u>

(എ) വള്ളങ്ങളിൽ ഘടിപ്പിച്ചിരിക്കുന്ന എഞ്ചിനുകളുടെ ആയുർദൈർഘ്യം അഞ്ച് വർഷമായി നിജപ്പെടുത്താൻ തീരുമാനിച്ചിരുന്നു. അതിൽ കൂടുതൽ കാലമായവയ്ക്ക് പെർമിറ്റ് റദ്ദാക്കുവാനും തീരുമാനം ഉണ്ടായിരുന്നു.

LIBRARY ARCHIVES Kerala Legislative Assembly